(സി) 31-3-2006 വരെയുള്ള കടമായ 90.65 കോടി രൂപ ഉൾപ്പെടെ 250.38 കോടി രൂപ ഓഹരിയായി നിലനിറുത്തിയിട്ടുണ്ട്.

(ഡി) 31-3-2008 വരെയുള്ള ബാദ്ധ്യതകളാണ് എഴുതിത്തള്ളിയത്. ആയത് 2007-08 ലെ വാർഷിക കണക്കിലാണ് ക്രമപ്പെടുത്തിയത്. അതനുസരിച്ച് 2008-ലെ സഞ്ചിത നഷ്ടം 1995.45 കോടിയിൽ നിന്നും 1368.88 കോടിയായി കുറയ്ക്കുവാൻ കഴിഞ്ഞു. 2009-10 ലെ താത്ക്കാലിക കണക്കനുസരിച്ച് 2009-10 ലെ ബാദ്ധ്യത 2641.76 കോടി രൂപ ആകേണ്ടിയിരുന്നത് 2015.19 കോടി രൂപയായി കുറയ്ക്കുവാൻ കഴിഞ്ഞു.

കെ. എസ്. ആർ. ടി. സി. യുടെ നഷ്ടം കുറയ്ക്കാൻ നടപടി

214 (4003) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കെ.എസ്.ആർ.ടി.സി. യുടെ നഷ്ടം എത്ര രൂപയായിരുന്നു ;

(ബി) പ്രസ്തുത നഷ്ടം നികത്തുന്നതിനായി കെ.എസ്.ആർ.ടി.സി.ക്ക് എത്ര തുക നൽകുകയുണ്ടായി ; വിശദാംശം ലഭ്യമാക്കുമോ ; അത് മൊത്തം ചെലവിന്റെ എത്ര ശതമാനമാണെന്ന് വ്യക്തമാക്കാമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ. ടി.സി.ക്ക് അനുവദിച്ച എത്ര തുക ഗ്രാന്റ്-ഇൻ-എയ്ഡ് ആക്കി മാറ്റി ; വിശദാംശം ലഭ്യമാക്കാമോ ;

(ഡി) നഷ്ടം കുറച്ചു കൊണ്ടു വരുന്നതിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ (2005-06-ലെ കണക്ക് പ്രകാരം) കെ. എസ്. ആർ. ടി. സി. യുടെ നഷ്ടം 191.90 കോടി രൂപയായിരുന്നു.

(ബി) പ്രസ്തുത നഷ്ടം നികത്തുന്നതിനായി സർക്കാർ തുകയൊന്നും തന്നെ നൽകിയിട്ടില്ല.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനുവദിച്ച തുകയൊന്നുംതന്നെ ഗ്രാന്റ്-ഇൻ-എയ്ഡ് ആക്കി മാറ്റിയിട്ടില്ല.

(ഡി) കെ. എസ്. ആർ. ടി. സി. യുടെ നഷ്ടം കുറയ്ക്കുന്നതിനും സമഗ്ര പുനരുദ്ധാരണത്തിനുമായി 26-2-2008-ലെ സർക്കാർ ഉത്തരവ് 10/2008/Tran. പ്രകാരം മന്ത്രിസഭാ ഉപസമിതിയുടെ ശുപാർശകൾ അംഗീകരിച്ച് 11 ശുപാർശകൾ അടങ്ങിയ ഒരു പാക്കേജ് നടപ്പിലാക്കുവാൻ സർക്കാർ നിർദ്ദേശിക്കുകയുണ്ടായി. ടി പാക്കേജിൽ ഉൾപ്പെട്ട ശുപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ താഴെ ചേർക്കുന്നു.

2308/12

LIBRARY ARCHIVES Kerala Legislative Assembly

1. പ്രതിവർഷം 1,000 ബസ്സുകൾ നിരത്തിൽ ഇറക്കണമെന്ന ശുപാർശ നടപ്പിലാക്കിയതിന്റെ ഭാഗമായി നാളിതുവരെ 2,196 ബസ്സുകൾ പുതുതായി നിരത്തിലിറക്കി. ഈ വർഷവും ഇത്തരത്തിൽ ബസ്സുകൾ നിരത്തിലിറക്കുന്നതിന്റെ ഭാഗമായി 130 കോടി രൂപ വായ്പ എടുക്കുന്നതിന് നടപടി സ്വീകരിച്ചു. ടി വായ്പയുടെ ആദ്യ ഗഡുവായി 65 കോടി രൂപയ്ക്ക് അനുമതി നൽകുകയും ആയതിൽ നിന്ന് 11 കോടി രൂപ ചെലവാക്കുകയും ചെയ്തു.

2. ഇൻഡ്യൻ ഓയിൽ കോർപ്പറേഷന് ഗടഞഠഇ കൊടുത്തു തീർക്കാനുള്ള 160 കോടി രൂപയുടെ ബാദ്ധ്യത തീർക്കുന്നതിന് ടി തുകയ്ക്ക് തുല്യമായി ട്രാൻസ്പോർട്ട് ബോണ്ട് ഇറക്കണം എന്ന ശുപാർശ നടപ്പിലാക്കുന്നതിന്റെ ഭാഗമായി സർക്കാർ വായ്പയായി അനുവദിച്ചു നൽകിയ തുക ഉപയോഗിച്ച് ടി കുടിശ്ശിക 9 കോടി രൂപയായി കുറയ്ക്കുവാൻ കഴിഞ്ഞു.

3. കോർപ്പറേഷന്റെ 31-3-2008 വരെയുള്ള ബാദ്ധ്യതയായി 1,070.60 കോടി രൂപയിൽ 250.38 കോടി രൂപയുടെ സർക്കാർ ലോൺ തുക ഇക്വിറ്റിയായി മാറ്റുകയും ടി ലോണിന്റെ പലിശയും, പിഴപ്പലിശയും, മോട്ടോർ വെഹിക്കിൾ ടാക്സും ഉൾപ്പെടെ 820.22 കോടി രൂപ സർക്കാർ എഴുതിത്തള്ളിയിട്ടുണ്ട്.

4. സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി പോലീസ്, മോട്ടോർ വാഹന വകുപ്പ്, കെ. എസ്. ആർ. ടി. സി. എന്നിവ സംയുക്തമായി ജില്ലയുടെ വിവിധ ഭാഗങ്ങളിൽ പരിശോധന ഏർപ്പെടുത്തിയതുമൂലം സമാന്തര സർവ്വീസുകളെ നിയന്ത്രിക്കാൻ ഒരു പരിധിവരെ കഴിഞ്ഞിട്ടുണ്ട്.

5. ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കെ. എസ്. ആർ. ടി. സി. യുടെ ബസ് ഡിപ്പോകളിൽ അത്യാധുനിക സജ്ജീകരണത്തോടു കൂടിയ ഷോപ്പിംഗ് കോംപ്ലക്സുകളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. അങ്കമാലി, കാസർഗോഡ് എന്നിവിടങ്ങളിലെ നിർമ്മാണം അവസാനഘട്ടത്തിലാണ്. കോഴിക്കോട്, കാട്ടാക്കട, തിരു. സെൻട്രൽ എന്നിവിടങ്ങളിലെ നിർമ്മാണം പുരോഗതിയിലാണ്. കൊട്ടാരക്കര ഡിപ്പോയിലെ ഷോപ്പിംഗ് കോംപ്ലക്സ് ഉദ്ഘാടനം കഴിഞ്ഞിട്ടുണ്ട്.

6. KTDFCയിൽ നിന്നും ലോൺ എടുക്കുന്ന അനുപാതം 50%-ൽ നിന്നും 65% ആയി ഉയർത്തുന്നതിനുള്ള നിർദ്ദേശവും നടപ്പിലാക്കി.

7. ടിക്കറ്റില്ലാതെ യാത്ര ചെയ്യുന്നവരിൽ നിന്ന് 500 രൂപ പിഴ ഈടാക്കി 30-6-2010 വരെ 15,59,500 രൂപ സർക്കാരിൽ ഒടുക്കിയിട്ടുണ്ട്.

8. കെ. എസ്. ആർ. ടി. സി. ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം നടപ്പിലാക്കിയിട്ടുണ്ട്.

9. KTDFC-യ്ക്കുള്ള ലോൺ തിരിച്ചടവ് കുറയ്ക്കുന്നതിനായി ലോൺ റീ-ഷെഡ്യൂൾ ചെയ്യാനുള്ള പ്രൊപ്പോസലിൻമേൽ നടപടി സ്വീകരിച്ചുവരുന്നു.

10. ശബരിമല സ്പെഷ്യൽ സർവ്വീസ് ഓപ്പറേഷനുശേഷം യൂണിറ്റുകളിലേയ്ക്ക് പുതിയ ബസ്സുകൾ അനുവദിക്കുന്നതിനുള്ള പൂർണ്ണ ചുമതല കോർപ്പറേഷൻ മാനേജ്മെന്റിനാണെന്ന തീരുമാനവും നടപ്പിലാക്കിയിട്ടുണ്ട്.

11. KMPL വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ കാരണം KMPL 2005-ൽ 3.84 കി. മീറ്റർ ആയിരുന്നത് ഇപ്പോൾ 4.27 കി. മീറ്ററായി ഉയർത്താൻ കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly